ഫൈ2/203/2016/പരി.

# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1261** | **03.10.2016-ന് മറുപടിക്ക്**

## കസ്തൂരിരംഗൻ റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോർജ്.എം.തോമസ്<br>ശ്രീ. ഒ.ആർ.കേളു<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.കെ.ബാബു | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

(എ) കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ പരിസ്ഥിതി ലോല പ്രദേശങ്ങളെ വേർതിരിച്ചതിൽ പിഴവുകളും അശാസ്ത്രീയ അതിർത്തി നിർണ്ണയവും ഉണ്ടായിട്ടുണ്ടെന്ന പരാതിയുടെ അടിസ്ഥാനത്തിൽ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പരിസ്ഥിതി ലോല മേഖലയുടെ പരിധിയിൽ നിന്ന് ജനവാസകേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും ഒഴിവാക്കണമെന്ന ആവശ്യത്തോടുള്ള നിലപാട് വ്യക്തമാക്കുമോ;

(എ) & (ബി) കേരളത്തിലെ 123 വില്ലേജുകളിലെ 13108 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതി ലോലമായി (ESA) കസ്തൂരിരംഗൻ കമ്മിറ്റി കണക്കാക്കിയിരുന്നു. മുൻ സർക്കാർ ടി റിപ്പോർട്ടിലെ ചില അപാകതകൾ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ആയത് അംഗീകരിച്ച് കേന്ദ്രസർക്കാർ പരിസ്ഥിതി ലോല പ്രദേശത്തിന്റെ പരിധി 9993.7 ചതുരശ്ര കിലോമീറ്റർ ആയി നിജപ്പെടുത്തുകയും ആയത് പ്രകാരം കരട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. തുടർന്ന് വനപ്രദേശമില്ലായെന്ന് കണ്ടെത്തിയ 4 വില്ലേജുകളെ കൂടി പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽ നിന്നും ഒഴിവാക്കി 119 വില്ലേജുകളിലായി ആകെ 9839.3 ചതുരശ്ര കിലോമീറ്റർ പ്രദേശം പരിസ്ഥിതിലോലമായി നിജപ്പെടുത്തണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിസർവ് വനം, സംരക്ഷിത പ്രദേശം, ലോക പൈതൃക

പ്രദേശങ്ങൾ എന്നിവ മാത്രമെ ESA ആയി പരിഗണിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിലുള്ള കേന്ദ്ര സർക്കാർ തീരുമാനം പ്രതീക്ഷിക്കുകയാണ്.

**(സി)** ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളെയും പ്രസ്തുത മേഖലയിലുള്ള എം.പി.മാരുടെയും യോഗം വിളിച്ച് ചേർക്കുമെന്ന ഉറപ്പ് പാലിച്ചിരുന്നോ; യോഗത്തിൽ കേന്ദ്ര സർക്കാർ നിലപാട് എന്തായിരുന്നു ?

**(സി)** ടി ആവശ്യം ഉന്നയിച്ച് കത്ത് നൽകിയശേഷം കേന്ദ്ര സർക്കാർ യോഗം വിളിച്ച് ചേർത്തിട്ടില്ല.

സെക്ഷൻ ഓഫീസർ